**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 700** **30-01-2024 - ൽ മറുപടിയ്ക്ക്**

**കാഞ്ഞങ്ങാട് മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം നൽകുമോ ? | (എ) | കാഞ്ഞങ്ങാട് മണ്ഡലത്തിൽ മിനി വൈദ്യുതി ഭവനം കെട്ടിടത്തിന്റെ നിർമ്മാണം നടന്നു വരുന്നു. ഇതിന്റെ 85% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന പ്രസരണ വിഭാഗത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കികൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.<br><br>1) 220 കെ.വി അമ്പലത്തറ സബ്സ്റ്റേഷനിൽ 220/110കെ.വിയുടെ ഒരു 100എം.വി.എ ട്രാൻസ്ഫോർമറും നിലവിലുണ്ടായിരുന്ന110കെവി അമ്പലത്തറ-ചെറുവത്തൂർ ഫീഡറിനെ കൂടാതെ മൂന്ന് 110 കെ.വി ഫീഡർ ബേയുടെ നിർമ്മാണവും പൂർത്തീകരിച്ചു.<br><br>2) 33 കെ.വി കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിൽ 33/11 കെ.വിയുടെ രണ്ട് 5 എം.വി.എ ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിച്ച് 33/11 കെ.വി, 8 എം.വി.എ ആക്കി ഉയർത്തി.<br><br>3) 110 കെ.വി കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ – 110/11 കെ.വി യുടെ രണ്ട് 12.5 എം.വി.എ ട്രാൻസ്ഫോർമറിന്റ ശേഷി വർദ്ധിപ്പിച്ച് രണ്ട് 110/11 KV 20 MVA ആക്കി ഉയർത്തൽ.<br><br>4) 33കെ.വി ബേളൂർ സബ്സ്റ്റേഷനിൽ പുതിയ 11കെ.വി 9 പാനൽ സെറ്റ് സ്ഥാപിച്ച പ്രവൃത്തി.<br><br>5) 110 കെവി കാഞ്ഞങ്ങാട് സബ്സ്റ്റേഷൻ കോമ്പൗണ്ടിൽ ഇലക്ട്രിക്ക് വാഹന ചാർജിങ് സ്റ്റേഷന്റെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>6) ബേളൂർ 33 കെ വി സബ്സ്റ്റേഷനിൽ നിന്നും നിലവിലുള്ള മൂന്ന് 11 കെവി ഫീഡറുകളെ കൂടാതെ പുതിയതായി രണ്ട് 11 കെവി ഫീഡറുകൾ കൂടി സ്ഥാപിച്ചു .<br><br>7) കാഞ്ഞങ്ങാട് ടൗൺ 33 കെ വി സബ്സ്റ്റേഷനിൽനിന്നും നിലവിലുള്ള മൂന്ന് 11 കെവി ഫീഡറുകളെ കൂടാതെ പുതിയതായി രണ്ട് 11 കെവി ഫീഡറുകൾ കൂടി സ്ഥാപിച്ചു. |

കൂടാതെ കാസറഗോഡ് ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി വൈദ്യുതി പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് വേണ്ടി അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ Uduppi Kasargode Transmission Limited (UKTL) എന്ന കമ്പനി *കാസർഗോഡ്* ജില്ലയിലെ കരിന്തളത്ത് സ്ഥാപിക്കുന്ന 400 കെ.വി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷനിൽ നിന്നും വയനാട് ജില്ലയിലെ പയ്യമ്പിള്ളിയിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 400 Kvസബ്സ്റ്റേഷനിലേക്ക് ഉള്ള 400 kV ലൈനിന്റെ നിർമ്മാണം ട്രാൻസ്ഗ്രിഡിന്റെ കീഴിൽ നടപ്പിലാക്കി വരുന്നു. ടേൺ കീ അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ടി ലൈനിന്റെ നിർമ്മാണ ചുമതല L&T കമ്പനിക്കാണ്. ഉത്തര ഹരിതോർജ്ജ ഇടനാഴി പദ്ധതിയിൽ (NGC) ഉൾപ്പെടുത്തിയാണ് ടി ലൈൻ നിർമ്മിക്കുന്നത്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2022-ൽ ഏഴ് പോൾ മൗണ്ടഡ് ചാർജ്ജിംഗ് സ്റ്റേഷനുകളും കാഞ്ഞങ്ങാട് സബ്സ്റ്റേഷനിൽ ഒരു ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനും സ്ഥാപിച്ചിട്ടുണ്ട്.

വൈദ്യുതി വകുപ്പിന്റെ റിന്യൂവബിൾ എനർജി കാര്യാലയം മുഖേന കാഞ്ഞങ്ങാട് മണ്ഡലത്തിലെ പടന്നക്കാട് ആയുർവേദ ആശുപത്രിയിൽ, കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് *35* കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിച്ചു.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ *7* നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ആകെ സ്ഥാപിത ശേഷി 138 kW ആണ്.

**<u>1) ദ്യുതി 2 പദ്ധതി -</u>** ഈ പദ്ധതി പ്രകാരം വൈദ്യുതി ലൈനുകളുടെ നവീകരണം, പഴയ അലൂമിനിയം കമ്പി മാറ്റി പുതിയ കമ്പി സ്ഥാപിക്കൽ (ACSR), ലൈനുകൾക്ക് പകരം ABC കേബിളുകൾ, കവേർഡ് കണ്ടക്ടർ എന്നിവ സ്ഥാപിക്കൽ വോൾട്ടേജ് കുറവുള്ള സ്ഥലങ്ങളിൽ സിംഗിൾ ഫേസ് ലൈനിന് പകരം ത്രീഫേസ് ലൈനുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറിന്റെ ശേഷി വർദ്ധിപ്പിക്കൽ, 11 KV ഓവർഹെഡ് ലൈനിന് പകരം ABC, UG കേബിളുകൾ സ്ഥാപിക്കൽ, വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിന് ലൈനുകളിൽ സ്പേസർ സ്ഥാപിക്കൽ, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ, പുതിയ ലൈൻ വലിക്കൽ, പഴയ പോസ്റ്റുകൾ മാറ്റി പുതിയ പോസ്റ്റുകൾ സ്ഥാപിക്കൽ, ട്രാൻസ്ഫോർമറുകൾക്ക് ഫെൻസിങ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതി പ്രകാരം നടത്തി. ഈ പദ്ധതി കാഞ്ഞങ്ങാട് മണ്ഡലത്തിൽ 100% ലക്ഷ്യം കൈവരിച്ചു.

താഴെപ്പറയുന്ന രീതിയിൽ പദ്ധതികൾ പൂർത്തിയായി.

| **<u>സെക്ഷൻ</u>** | **പൂർത്തിയായ പദ്ധതികളുടെ എണ്ണം** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|---|
| മാവുങ്കൽ | 25 | 196.33 |
| | | |

| | | |
|---|---|---|
| രാജപുരം | 13 | 124.51 |
| ബളാംതോട് | 32 | 173.25 |
| ചോയ്യംകോട് | 26 | 189.78 |
| പടന്നക്കാട് | 16 | 70.49 |
| കാഞ്ഞങ്ങാട് | 28 | 152.33 |
| **ആകെ** | **140** | **906.69** |

താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചു.

**<u>മാവുങ്കൽ സെക്ഷൻ</u>**

എ) സ്പേസർ സ്ഥാപിച്ചത് - 5500 എണ്ണം

ബി) CFPD സ്ഥാപിച്ചത് - 5 എണ്ണം

സി) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1680 എണ്ണം

ഡി) പുതിയ എൽ.ടി ലൈൻ വലിച്ചത് - 2 കി.മി

ഇ) പഴയ എച്ച്.ടി പോസ്റ്റ് മാറ്റിയത് - 50 എണ്ണം

എഫ്) പഴയ 11 കെ.വി ലൈൻ മാറ്റിയത് - 3.15 കി.മി

ജി) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി മാറ്റിയത് - 1.4 കി.മി.

**ആകെ ചെലവഴിച്ച തുക - 196.33 ലക്ഷം**

**<u>രാജപുരം സെക്ഷൻ</u>**

a) സ്പേസർ സ്ഥാപിച്ചത് - 18000 എണ്ണം

b) CFPD സ്ഥാപിച്ചത് - 8 എണ്ണം

c) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 900 എണ്ണം

d) പുതിയ എൽ.ടി ലൈൻ വലിച്ചത് - 2 .8 കി.മി.

e) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത്

(100 കെ.വി) - 1 എണ്ണം

f) 11 കെ.വി യു.ജി കേബിൾ - 0.75 കി.മി.

g) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി

മാറ്റിയത് - 2.5 കി.മി.

**ആകെ ചെലവഴിച്ച തുക - 124.51 ലക്ഷം**

**<u>ബളാംതോട് സെക്ഷൻ</u>**

a) സ്പേസർ സ്ഥാപിച്ചത് - 12000 എണ്ണം

b) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1040 എണ്ണം

c) പുതിയ എൽ.ടി ലൈൻ വലിച്ചത് - 8 കി.മി.

d) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി)

- 4 എണ്ണം.

e) പഴയ എച്ച്.ടി പോസ്റ്റ് മാറ്റിയത് - 20 എണ്ണം

f) പഴയ 11 കെ.വി ലൈൻ മാറ്റിയത് - 4 കി.മി.

g) ട്രാൻസ്ഫോർമറിന് കപ്പാസിറ്റി കൂട്ടിയത് - 3 എണ്ണം

**ആകെ ചെലവഴിച്ച തുക - 173.25 ലക്ഷം**

**<u>ചോയ്യംകോട് സെക്ഷൻ</u>**

a) സ്പേസർ സ്ഥാപിച്ചത് - 13000 എണ്ണം

b) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1100 എണ്ണം

c) പുതിയ എൽ.ടി ലൈൻ വലിച്ചത് - 0.3 കി.മി.

d) പഴയ എൽ.ടി പോസ്റ്റ് മാറ്റിയത് - 40 എണ്ണം

e) പഴയ എൽ.ടി കമ്പി മാറ്റിയത് - 3.2 കി.മി.

f) 11 കെ.വി എ.ബി.സി വലിച്ചത് - 2.8 കി.മി.

g) പഴയ എച്ച്.ടി പോസ്റ്റ് മാറ്റിയത് - 24 എണ്ണം

**ആകെ ചെലവഴിച്ച തുക - 189.78 ലക്ഷം**

**<u>പടന്നക്കാട് സെക്ഷൻ</u>**

a) സ്പേസർ സ്ഥാപിച്ചത് - 8500 എണ്ണം

b) CFPD സ്ഥാപിച്ചത് - 10 എണ്ണം

c) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 400 എണ്ണം

d) പഴയ എൽ.ടി ലൈൻ മാറ്റിയത് - 10.56 കി.മി.

e) പുതിയ എൽ.ടി ലൈൻ സ്ഥാപിച്ചത് - 1.25 കി.മി.

f) എൽ.ടി എ.ബി.സി വലിച്ചത് - 1.22 കി.മി.

g) 100 കെ.വി.എ ട്രാൻസ്ഫോർമർ - 1 എണ്ണം

h) പഴയ 11 കെ.വി പോസ്റ്റുകൾ മാറ്റിയത് - 32 എണ്ണം

i) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ.വി) - 1 എണ്ണം

j) സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി

മാറ്റിയത് - 0.22 കി.മി.

k) 11 കെ.വി സ്റ്റാൻഡേർഡൈസേഷൻ – 20 എണ്ണം

l) മറ്റു നിർമ്മാണ പ്രവൃത്തികൾ - 90 എണ്ണം

**ആകെ ചെലവഴിച്ച തുക - 70.49 ലക്ഷം**

**<u>കാഞ്ഞങ്ങാട് സെക്ഷൻ</u>**

a) സ്പേസർ സ്ഥാപിച്ചത് - 10000 എണ്ണം

b) കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചത് - 1000 എണ്ണം

c) പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചത് (100 കെ വി)

- 3 എണ്ണം

d) പഴയ എച്ച്.ടി പോസ്റ്റ് മാറ്റിയത് - 10 എണ്ണം

e) പഴയ എൽ.ടി പോസ്റ്റ് മാറ്റിയത് - 18 എണ്ണം

e) 11 കെ.വി എ.ബി.സി വലിച്ചത് - 1.95 കി.മി.

f) പഴയ ലൈനുകൾ മാറ്റി എ.ബി.സി സ്ഥാപിച്ചത്

- 3.4 കി.മി (എൽ.ടി)

g) പുതിയ എൽ.ടി ലൈൻ വലിച്ചത് - 1.35 കി.മീ.

h) എ.ബി സ്വിച്ചുകൾ സ്ഥാപിച്ചത് - 8 എണ്ണം

**ആകെ ചെലവഴിച്ച തുക - 152.33 ലക്ഷം**

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർക്ക് നൽകുന്ന സഹായപദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). കാർഷിക കണക്ഷനുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കുന്ന പദ്ധതിയാണിത്. ബെഞ്ച്മാർക്ക് തുകയുടെ 30% കേന്ദ്ര സബ്സിഡിയായി ഈ പദ്ധതിയിലൂടെ ലഭ്യമാകുന്നു. ബാക്കി വരുന്ന തുക (സംസ്ഥാന വിഹിതം + കർഷക വിഹിതം) നബാർഡ് (RIDF) ലോൺ വഴിയാണ് കണ്ടെത്തുന്നത്. 7 വർഷമാണ് ലോൺ തിരിച്ചടവ് കാലാവധി പ്രതീക്ഷിക്കുന്നത്. നബാർഡിൽ നിന്നും അനുമതി ലഭിച്ച 5955 പമ്പുകളാണ് ആദ്യ ഘട്ടത്തിൽ സൗരോർജ്ജവൽക്കരിക്കുന്നത്. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കാഞ്ഞങ്ങാട് മണ്ഡലത്തിൽ കാർഷിക പമ്പുകളുടെ സൗരോർജ്ജവത്കരണം നടത്താൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു**.**

ഹോമിയോ ഹോസ്പിറ്റൽ കാഞ്ഞങ്ങാടിൽ 8kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു. മടിക്കൈ ഗ്രാമപഞ്ചായത്തിൽ 18kW ശേഷിയുള്ള സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു. കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 65kW സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ അനെർട്ട് ചാർജിംഗ് സ്റ്റേഷനുകൾ ഒന്നും തന്നെ

| | | | |
|---|---|---|---|
| | | | സ്ഥാപിച്ചിട്ടില്ല. എന്നാൽ ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും സ്വകാര്യ സംരംഭകർ സ്ഥാപിക്കുന്ന സൗരോർജ്ജ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾക്ക് സംസ്ഥാന സർക്കാർ അനെർട്ട് വഴി സാമ്പത്തിക സഹായം നൽകി വരുന്നു<br><br>.. |

സെക്ഷൻ ഓഫീസർ